"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാനപദ്ധതി - ശ്രീമതി.ശ്യാമ കെ.കെ.-യ്ക്ക് - പട്ടികജാതി വികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2024/SCSTD തീയതി,തിരുവനന്തപുരം, 01-02-2024

പരാമർശം:-

1. സ.ഉ.(പി.) നം.12/1999/ഉ.ഭ.പ.വ. തീയതി 24.05.1999.
2. ശ്രീമതി ശ്യാമ കെ കെ യുടെ 07-02-2022 ലെ അപേക്ഷ.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09/11/2022- ലെ എസ്റ്റാ.ബി1.2777/2022 നമ്പർ കത്ത്.
4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 09-10-2023 തീയതിയിലെ എ6-8789/2023 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്ക് ഹോസ്റ്റലിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 16/07/2021 ന് മരണപ്പെട്ട ശ്രീ.പ്രസന്നൻ പി എസ് -ന്റെ ഭാര്യ ശ്രീമതി ശ്യാമ കെ. കെ. സേവനത്തിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസതൊഴിൽദാനപദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ജോലി ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2 . അപേക്ഷകയായ ശ്രീമതി ശ്യാമ കെ. കെ. മരണപ്പെട്ട ജീവനക്കാരന്റെ ഭാര്യയാണെന്നും ആശ്രിതരിൽ മറ്റാരുംതന്നെ ഈ പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും സമാശ്വാസതൊഴിൽദാനപദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിയമനം നൽകാവുന്നതാണെന്നും പരാമർ ശം (4) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അപേക്ഷകന് സമാശ്വാസതൊഴിൽദാനപദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിൽ കുക്ക്

തസ്തികയിൽ ജോലി നോക്കി വരവെ 16/07/2021 തീയതിയിൽ മരണപ്പെട്ട ശ്രീ.പ്രസന്നൻ പി എസ് -ന്റെ ഭാര്യ ശ്രീമതി ശ്യാമ കെ കെ-യ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവിലേയും, തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒഴിവില്ലെങ്കിൽ ഒഴിവുള്ള ഏറ്റവും അടുത്ത ജില്ലയിൽ നിയമനം നൽകേണ്ടതും, ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റം നൽകേണ്ടതുമാണ്.

5. ശ്രീമതി.ശ്രീമതി ശ്യാമ കെ കെ യ്ക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതും ടിയാളുടെ ജനനത്തീയതി, വിദ്യാഭ്യാസയോഗ്യത, തിരിച്ചറിയൽ, ആരോഗ്യക്ഷമത തുടങ്ങിയ കാര്യങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

6. ഈ പദ്ധതിപ്രകാരം ജോലിക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷക എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ എന്തെങ്കിലും വിവരം മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോദ്ധ്യപ്പെട്ടാൽ ടിയാളുടെ നിയമനം റദ്ദാക്കുന്നതാണ്.

7. അപേക്ഷകന് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സർവ്വീസ് ബുക്കിലും അവസാനമായി ജോലി ചെയ്തിട്ടുള്ള ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും ഓഫീസ് മേധാവി ആയത് സാക്ഷ്യപ്പെടുത്തേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് വകുപ്പ് മേധാവി യഥാസമയം സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
ശ്രീമതി.ശ്രീമതി ശ്യാമ കെ കെ, പപ്പാലി ഹൗസ്, അമ്പാക്കാട്,തൃശ്ശൂർ - 680553 (രജിസ്റ്റേർഡ് തപാൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (സി.ഇ.സെൽ) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 01-02-2024 17:15:20

സെക്ഷൻ ഓഫീസർ